**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **13-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാനിന്റെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഇല്ല. നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് തയ്യാറാക്കിയ കരട് മാപ്പ് പ്രസിദ്ധീകരിയ്ക്കുകയും, കരട് മാപ്പിന്മേൽ അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനായി 10 തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തുകയും ചെയ്തു. പബ്ലിക് ഹിയറിംഗിൽ ലഭ്യമായ പരാതികളും/നിർദ്ദേശങ്ങളും പരിശോധിച്ച് വിലയിരുത്തി ആവശ്യമായ കേസുകളിൽ തിരുത്തലുകൾ നിർദ്ദേശിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രകാരം കണ്ടെത്തുന്ന തിരുത്തലുകൾ കരട് മാപ്പിൽ വരുത്തുന്നതിനായി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന് (NCESS) കൈമാറുകയും തിരുത്തലുകൾ വരുത്തിയ ശേഷം വീണ്ടും പരിശോധിച്ച് വിലയിരുത്തി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോട് കൂടി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുമാണ് ഇനി ചെയ്യാനുള്ളത്. |

സെക്ഷൻ ഓഫീസർ